കഴിഞ്ഞവർഷത്തെ മൊത്ത വിറ്റ് വരവ്	അഞ്ച് കൊല്ലത്തിൽ കൂടുതൽ തുടർച്ചയായി കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ	മൂന്ന്കൊല്ലത്തിൽ കൂടുതൽതുടർച്ചയായി കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ	മൂന്നോ അതിൽ താഴെയോ വർഷം കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ
10 ലക്ഷത്തിന് മുകളിൽ 40 ലക്ഷം വരെ	കഴിഞ്ഞവർഷം അടച്ച നികുതിയുടെ 103 ശതമാനം	കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 104 ശതമാനം	കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 105 ശതമാനം
40 ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ	കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 109 ശതമാനം	കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 112 ശതമാനം	കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 115 ശതമാനം
ഒരു കോടിക്കു മുകളിൽ	കഴിഞ്ഞവർഷം അടച്ച നികുതിയുടെ 115 ശതമാനം	കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 120 ശതമാനം	കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 125 ശതമാനം

ഈ ഭേദഗതിക്ക് 1-4-2013 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ നികുതി കുടിശ്ശിക

173 (519) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെയുള്ള നികുതി കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ; ഇതിൽ കോടതി നടപടികൾ, സർക്കാർ നൽകിയ സ്റ്റേ, എന്നിവ മൂലം കുടിശ്ശികയായ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ബജറ്റിനൊപ്പം നിയമസഭയിൽ സമർപ്പിച്ച പ്രകാരം നികുതി കുടിശ്ശിക എത്രയാണെന്നും ഇതിൽ എന്ത് തുക പിരിച്ചെടുത്തു എന്നും വ്യക്തമാക്കുമോ ;

(സി) പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശിക എത്രയാണെന്നും ഇത് ഏതെല്ലാം വകുപ്പുകളിൽ നിന്നുമാണ് കിട്ടേണ്ടതെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന നികുതിവരുമാനം എത്രയായിരുന്നെന്നും ഈ ഇനത്തിൽ എത്രകോടി രൂപ ലഭ്യമായെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 2013-14 സാമ്പത്തിക വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനം തനത് നികുതിയിനത്തിൽ ലക്ഷ്യമിട്ടിരുന്ന വരുമാനം 35542.96 കോടി രൂപയാണ്. ലഭിച്ച യഥാർത്ഥ വരുമാനം 31995.02 കോടി രൂപയാണ്.

സംസ്ഥാനത്തെ നികുതി കുടിശ്ശിക

174 (520) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2014 ഡിസംബർ 31 വരെ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ പിരിച്ചെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഓരോ വകുപ്പിലും പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക ഇനംതിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2014 ഡിസംബർ 31 വരെ വാണിജ്യ നികുതി വകുപ്പിൽ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക 6841.61 കോടി രൂപയാണ്. രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ വാല്യുവേഷൻ കേസ്സുകളിൽനിന്ന് 176.37 കോടി രൂപ നികുതി കുടിശ്ശികയുണ്ട്. അബ്കാരി കുടിശ്ശികയിനത്തിൽ 31-12-2014 വരെ 235.26 കോടി രൂപ (മുതൽ 66.96 കോടി രൂപ + പലിശ 168.3 കോടി രൂപ) കുടിശ്ശികയുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതി ഇനങ്ങളിൽ 31-12-2014 വരെ പിരിക്കാവുന്ന മുതലിൽ 36.85 കോടി രൂപ കുടിശ്ശികയായുണ്ട്. ടി നികുതിയിന ങ്ങളിലായി 89.93 കോടി രൂപ വിവിധ സ്റ്റേകളിൽ ഉൾപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ 1106.09 കോടി രൂപ കുടിശ്ശികയുണ്ട്. ഇതിൽ 852.37 കോടി രൂപ KSRTC യിൽനിന്നും ലഭിക്കാനുള്ളതാണ്.

(ബി) വാണിജ്യ നികുതി വകുപ്പിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly